# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ റ്റി 397 — 26.06.2014 ൽ മറുപടിക്ക്

### നെല്ല് സംഭരിക്കുമ്പോൾ തന്നെ വില നൽകാനുള്ള സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളിലൂടെ കുത്തരി വിതരണം ചെയ്യുന്നതിനുള്ള നെല്ല് സംഭരണത്തിനായി ഒരു റിവോൾവിംഗ്ഫണ്ട് രൂപീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ റിവോൾവിംഗ് ഫണ്ട് എന്നത്തേക്ക് രൂപീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ : | (എ) നെൽകർഷകർക്ക് നെല്ലിന്റെ വില കാലതാമസം കൂടാതെ നൽകുന്നതിനായി 350 കോടി രൂപയുടെ ഒരു റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) പി.ആർ.എസ്.(പാഡി റെസീറ്റ് ഷീറ്റ് ) രേഖപ്പെടുത്തിയിട്ടുള്ള ഏത് ബാങ്ക് അക്കൗണ്ടിലേക്കും പണം കൈമാറാൻ നിർദ്ദേശം നൽകിയാൽ ബാങ്കുകളിലൂടെ കർഷകർക്ക് പണം ലഭിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടിയന്തരമായി ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) 2012-13 മുതൽ തന്നെ ഇപ്രകാരം ബാങ്കുകളിൽ നിന്നും നെല്ലുവില നൽകി വരുന്നുണ്ട്. കൂടാതെ പാലക്കാട് ജില്ലാ സഹകരണ ബാങ്ക് , ബാങ്ക് ഓഫ് ഇൻഡ്യ, കാനറ ബാങ്ക് എന്നീ ബാങ്കുകളുമായി സപ്ലൈകോ ഏർപ്പെട്ടിട്ടുള്ള ധാരണാ പത്രം പ്രകാരം, ടി ബാങ്കുകളിൽ അക്കൗണ്ട് ഉള്ള കർഷകർക്ക് നെല്ല് നൽകുമ്പോൾ തന്നെ സപ്ലൈകോ നൽകുന്ന പാഡി റസീറ്റ് ഷീറ്റ് ബാങ്കുകളിൽ സമർപ്പിക്കുമ്പോൾ മൂന്ന് ദിവസത്തിനുള്ളിൽ നെല്ലിന്റെ വില ലഭിക്കുന്നതാണ് . ഇങ്ങനെ പണം കർഷകർക്ക് നൽകുമ്പോൾ ബാങ്കുകൾക്ക് ഇതിന്റെ പലിശ സപ്ലൈകോ ആണ് നൽകുന്നത് |
| (സി) നെല്ലുസംഭരണം നെൽകൃഷി മേഖലയ്ക്ക് താങ്ങായെങ്കിലും കൃത്യമായി വില നൽകാൻ സപ്ലൈകോയ്ക്ക് സാധിക്കാത്തത് നെൽകൃഷി | (സി) കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിൽ കാലതാമസം സംഭവിക്കുന്നതു കാരണം കർഷകർ സാമ്പത്തിക പ്രതിസന്ധികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൂർണ്ണ ബഡ്ജറ്റ് |

മേഖലയിലുള്ള പ്രശ്നങ്ങൾ രൂക്ഷമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പാസ്സാകാത്തതു മൂലവും കേന്ദ്രസർക്കാരിൽ നിന്ന് സബ്സിഡി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ സാങ്കേതികയും കാരണം നേരിയ കാലതാമസം ഉണ്ടാകാറുണ്ട്.

(ഡി) നെല്ല് സംഭരിക്കുമ്പോൾ തന്നെ വില നൽകാനുള്ള സംവിധാനം ഒരുക്കുമെന്ന ബഡ്ജറ്റ് പ്രസംഗത്തിലെ വാഗ്ദാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

(ഡി) നെല്ല് സംഭരിക്കുമ്പോൾ തന്നെ വില നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനുള്ള പ്രഥമ നടപടിയായി 350 കോടിയുടെ റിവോൾവിംഗ് ഫണ്ടിനുള്ള പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ നിലവിൽ ധാരണയിൽ എത്തിയിട്ടുള്ള കാനറാ ബാങ്ക് , ബാങ്ക് ഓഫ് ഇൻഡ്യ, പാലക്കാട് ജില്ലാ സഹകരണ ബാങ്ക് എന്നീ ബാങ്കുകൾക്ക് പുറമെ കൂടുതൽ ബാങ്കുകളുമായി ഇത്തരത്തിൽ ധാരണയിലെത്താനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾ നടപ്പിലാക്കുന്നതോടുകൂടി കർഷകർക്ക് ഉടനടി തന്നെ നെല്ലിന്റെ വില ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന സഹകരണ ബാങ്കുകൾ മുഖേന കർഷകർക്ക് നെല്ലുവില അതത് പ്രാഥമിക ബാങ്കുകൾ വഴി നൽകുവാനും അത് കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ലഭ്യമാകുമ്പോൾ സപ്ലൈകോ തിരികെ നൽകുവാനും ഉള്ള സംവിധാനം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

Beena

സെക്ഷൻ ഓഫീസർ